LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രവൃത്തികളുടെ സേവിംഗ്സ്

115(2104) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഭരണാനുമതി തുകയിൽ താഴ്ന്ന പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുവാൻ കഴിയുമോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഭരണാനുമതി തുകയിൽ താഴ്ന്ന പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ അധിക തുകയായി ടെണ്ടർ എക്സസ്/സേവിംഗ്സ് വന്നാലും എം.എൽ.എ.യുടെ 5 കോടി രൂപയെ ബാധിക്കില്ല. ഭരണാനുമതി/പുതുക്കിയ ഭരണാനുമതി നൽകുന്ന തുകകൾ മാത്രമാണ് ടി പദ്ധതിയുടെ 5 കോടിരൂപയുടെ വാർഷിക പരിധി തീരുമാനിക്കാൻവേണ്ടി കണക്കാക്കുന്നത്. ഇത് സംബന്ധിച്ച നിർദ്ദേശമുൾക്കൊള്ളുന്ന 4-12-2013-ലെ 97/2013/ധന. സർക്കുലർ അനുബന്ധമായി ചേർക്കുന്നു.* ടെണ്ടർ എക്സസ്/സേവിംഗ്സ് എന്നിവ പരമാവധി ഒഴിവാക്കുന്നതിനായി ഏറ്റവും പുതിയ ഷെഡ്യൂൾ ഓഫ് റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ഉചിതമായിരിക്കും എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതവും ചെലവും

116(T2105) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് വിഹിതം (പ്ലാൻ, നോൺപ്ലാൻ ഉപധനാഭ്യർത്ഥന ഉൾപ്പെടെ) എത്രയായിരുന്നു. ഓരോ വകുപ്പും എത്ര തുക 2015 മാർച്ച് 31-നുള്ളിൽ ചെലവഴിച്ചു ; ഓരോ വകുപ്പും ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചു ; വിശദാംശം നൽകുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എത്ര തുക ഓരോ വകുപ്പിനും ലഭിച്ചു ; അതിൽനിന്നും ഓരോ വകുപ്പും 2015 മാർച്ച് 31

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വരെ എത്ര തുക ചെലവഴിച്ചു ; കേന്ദ്രത്തിൽനിന്നും ലഭിച്ച തുകയുടെ എത്ര ശതമാനം വീതം ഓരോ വകുപ്പും ചെലവഴിച്ചു ; വിശദാംശം നൽകുമോ;

(സി) 2014-15 ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കാൻ കഴിയാത്ത തുക 2015-16 സാമ്പത്തിക വർഷം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം ഓരോ ധനാഭ്യർത്ഥനയുടേയും കീഴിൽ വിവിധ വകുപ്പുകൾക്കായി പദ്ധതി, പദ്ധതിയേതര ഇനത്തിൽ ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകയിരുത്തിയ തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകുപ്പുകൾക്ക് ലഭിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം ഓരോ വകുപ്പും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഉണ്ട്. ഭരണാനുമതി ലഭിച്ചതും 2014-15 സാമ്പത്തികവർഷം ചെലവഴിക്കാൻ സാധിക്കാത്തതും എന്നാൽ നടപ്പുസാമ്പത്തികവർഷം സെപ്റ്റംബർ 30-നുള്ളിൽ ചെലവഴിക്കാൻ സാധിക്കുന്നതുമായ തുക 2015-16 സാമ്പത്തിക വർഷം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ജി.ഒ.(പി) നമ്പർ 400/2014/ധന. തീയതി 19-9-2014, ജി.ഒ. (പി) നമ്പർ 48/2015/ധന. തീയതി 23-1-2015, ജി.ഒ.(പി) നമ്പർ 143/2015/ധന. തീയതി 22-4-2015 എന്നീ ഉത്തരവുകൾ പ്രകാരമാണ് ഇതിനുള്ള അനുമതിയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുള്ളത്. ഇത്തരത്തിലുള്ള ചെലവുകൾ മോണിറ്റർ ചെയ്യുന്നതിനായി e-LAMS എന്ന വെബ് ബേസ്ഡ് ആപ്ലിക്കേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്..

കരാറുകാർക്കുള്ള കുടിശ്ശിക

117(2106) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകമ്മി ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ടോ ;

(ബി) വിവധ വകുപ്പുകൾക്ക് എത്ര രൂപ വീതം കരാർ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly